in the matter of the Enquiry in the Azhicode incident. I would very much stress upon my Hon'ble friend to see that it is a real Committee that is constituted. Of course, I am laying emphasise because of this fact, and that is we find that this House has unanimously pressed for the Constitution of a Committee in regard to the Azhicode matter, and you know what sort of a Committee that we got. We prayed for a loaf and we got a stone. Now that sort of shelving should not be resorted to because it is a very dangerous matter. I said if I remember right, during the Vrischigam or Makaram meeting last year, that I anticipated about the possibility of a resolution. Of course, we had nothing here. We had it in a neighbouring State, and that should be an eye-opener to us. This bull of revolution should be caught by the horns so that you can aver this sort of good-aism. It is absolutely necessary that a good Committee should be appointed especially in view of the fact that this resolution has been unanimously passed by all sections of this House. I do understand the difficulties of the Ministers. Of course what ever you may say however much you may emphasise that we have got 90 per cent responsible Government or say even 99·9 per cent has been transferred. I would say that, one per cent remaining outside forms the soul of the Government. Sir, is it not the fact that this, one per cent is acting as a soul force in the working of the Government, even though we have got really four Ministers. In the matter of the Azhicode incident it is that soul which has been the reckoning factor. It is to that soul also I make an appeal and with that appeal I will conclude my reply. I do not think there is any necessity for me to impress upon the Government the necessity for the appointment of the Committee because it has been accepted by them. I therefore beg leave of the House to withdraw the resolution.

Resolution, by leave, withdrawn

7. Necessity for transfer of Law and Order and Finance to popular control

Mrs. T. Francis *(Women-Ernakulam):* Sir, I move that *"This Council recommends to the Government to arrrange to hand over immediately to the Representatives of the people those departments which deal with Law and Order and also Finance, thus making them fully responsible for the administration of the State."* The House as a rule, I mean the non-official members of the House, will welcome this Resolution. The Government has already handed over to people's representatives very many important Departments more than that used to be hitherto. From Chingam we are having very many important Departments in the hands of Ministers of the people. I feel responsible Government has not reached. It is somewhere about, but we are not able to catch it. The covetous bird is within our reach, but we are not having an actual catch of the bird. As my friend the Hon'ble Member for Cheruthuruthi has wisely stated that bird is the soul of the Government. The Government has already pronounced that the Ministers hitherto have been managing their affairs very satisfactorily, their Ministerial Governments very satisfactory (hear, hear). In spite of all that the people feel that they should be managed much more satisfactorily. The present state of affairs may be satisfactory to the reserved half of the Government but it is not to the satisfaction of the people. How can popular Ministers satisfactorily govern without finance? They may want to do ever so many things to the people, but they cannot do them because the key of the treasure is not with them. So that they are unable to carry out what they want really to do to the people. Many a vital thing which are required for the good of the country cannot be managed by the popular Ministers. The popular Ministers, according to me, are handicapped, because funds are not with them. They may want to open a new road, to take water from this side of Ernakulam to the other side and they may want to do ever so many things. How can they be able to do these? Because of the want of control of the treasury of the land they cannot do what they and the people want. Sir, unless and until this key is gladly handed over to the responsible Government, things cannot be managed satisfactorily. The poverty and the hungry stomach of the man in fact and every depressing thing will disappear if the finances are transferred to the control of the popular Minister. I do not think that a cabinet in the true sense of the term has been formed by the Diwan of Cochin with-our four Ministers. Of course the Ministers may be agreeing in all matters. But if I explain the position strictly I think that the Diwan has a right of veto and things cannot be carried out properly and their desires cannot be achieved. That is no fault of theirs. Finance is the thing that is most essential and is one that must come first. Then the other things can be regulated.

LIBRARY ARCHIVES Kerala Legislative Assembly

Then there is another department which is standing away from the doors of the Hon'ble Ministers. That is Law and Order. We are having regular troubles all over India and also in our neighbouring State. We are also having some troubles. Lately we had an incident at Trichur and the consequence of it is that several victims were taken away and they were treated badly or severely. You may call it by any name. But this is because that Department is kept away from the people. The officials of that department are not guided by the representatives of the people. They are working under Government, namely the reserved half. They are kept aloof and at least they are made to understand that it is their preserve from years. But in their attempt when they try to act according to the power given to them, it becomes generally very severe to the people whom they attack. That is because the departments maintaining law and order are not in touch with the Ministers. If these departments are administered by the people's representatives there will be connection between the people and the department and the only duty that they will have to do is to keep the land in peace and order. Hence this department cannot any longer remain aloof from the people. This Department must be under the Ministers. It has its own drawbacks. If it is kept aloof and if it is not given to the administration of the transferred half, I think everybody will agree with me, its officials cannot have much human sympathies. But on the other hand if they are transferred to the popular Ministers they will also learn that they are human beings and they will try to be more humane, and many of these strikes that we hear of now-a-days and that are taking place will be reduced because the labourers will think that the department that is in charge of law of order are under the guidance of the Minister and they will have a feeling towards the Ministers. Then the labourers will think that there is no great hurry for any strike. By this I do not say that there should not at all be strikes. First they have to give a notice to the management and if they do not get any redress of their grievances they are at liberty to do it. When I am speaking of strikes, the Hon'ble Labour Member is looking at me very closely. That is not my point here. My idea in pointing out this aspect of the question is that if the Police Department is transferred to the control of the Popular Ministers, things can be done in a better way. Do you know what took place in the United Provinces? The other day I read in the papers that a big Police Officer had to resign and sail to the West.

Then another important department that has to be transferred yet to the popular Ministers is the Judicial Department, the department that deals in justice. As far as I am aware the judiciary of our State stands foremost in imparting justice and I have nothing to say against our Judges. Why keep this department also out of the control of the Ministers? There is no meaning in that. If all these three departments are transferred, we can have an administration which the people want. I am sure I will get a good support for this resolution from everywhere. With these few words I sit down.

*Mrs. K. M. R. Menon *(Trichur-Women)*: Mr. President, I support this motion wholeheartedly. Our present condition reminds me of the story of a gentleman who lost his cash box. Somebody stole his cash box and when he saw it he cooly said "never mind, the key is with me". Our present attitude is exactly the same. We have the key with us but the box is somewhere else. Nothing can be done without money. For every little thing we want to do, we want money. If we have to ask the permission of somebody for that then how can we boast of having obtained responsible Government. It is meaningless. At least we say that we have secured 75 per cent of responsible Government, then why not at least transfer 75 per cent of the treasury to the hands of responsible ministers so that we can use the amount according to our own wishes and the wishes of the people. Unless we get the power to use the money we cannot blame our popular ministers if they cannot do whatever we want. Law and Order also is equally important if not more. I wish to point out to the members of this House that unless we have full power to use our money, it is impossible to keep for a long time the power that we have just at present secured. With these few words I support this resolution wholeheartedly.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: സർ, ഞാനും ഇതുപോലെ ഒരുപ്രമേയം അയച്ചിട്ടുണ്ട്: അതാണ് ഒരു-മതായി വരുന്നതു്. ഭരണഘടനാഉപദേശക സമിതിയുടെ ശുപാർശകൾ ക്കു വേണ്ടി കാത്തുനില്ക്കാതെ ഇപ്പോഴത്തെ ഭരണഘടനാനിയമമനുസരിച്ചുതന്നെ ധനകാ ര്യം, നിയമസമാധാനം മുതലായ സംവൃതവകുപ്പുകൾക്കുടി ഉടനടി ജനപ്രതിനിധി ഭരണ ത്തിനു വിട്ടുകൊടുക്കണമെന്നാണ് അതിൽ ആവശ്യപ്പെട്ടിരിക്കുന്നതു്. നിയമമന്ത്രി ഈ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകൾ മന്ത്രിമാരുടെ ഭരണത്തിൻകീഴിൽ ആയിട്ടില്ലെങ്കിലും ക്യാബിനറ്റ് എന്നറിയപ്പെടുന്ന ആ സർവ്വശക്തമായ സമസ്തഭരണാധികാരസംപൂർണ്ണമായ ഏർപ്പാടിനെ സംബന്ധിച്ചു് ധനകാര്യങ്ങളിലും നിയമസമാധാന പാലനങ്ങളിലും മന്ത്രിമാർക്കു് കയ്യുണ്ടെന്നാണു് കരുതേണ്ടതു്. "ഭരണം ഇങ്ങോട്ടുകിട്ടട്ടെ; അപ്പോൾ കാണിച്ചുതരാം മണ്ണെല്ലാം പൊന്നാക്കുന്നതു" എന്നു് ഇന്നലെവരെ മുറുമുറുവിളിച്ചുകൊണ്ടു് നടന്നിരുന്നവർ ഇന്നു് ഭരണപദം കയ്യേറ്റപ്പോൾ അതൊന്നും തങ്ങളെക്കൊണ്ടു് ആവുകയില്ലെന്നു് നിരാശയോടെ പറഞ്ഞതായി കാണുന്നുണ്ടു്. അവരുടെ കഴിവില്ലായ്മകൊണ്ടായിരിക്കയില്ല അവർ അപ്രകാരം പ്രസ്താവിച്ചിട്ടുള്ളതു്. ആശയങ്ങളും ആദർശങ്ങളും അവക്കുണ്ടു്; അഥവാ ഉണ്ടെന്നുവേണം വിചാരിപ്പാൻ. മന്ത്രിമാരുടെ ക്രിയാപദ്ധതി അനുസരിച്ചാണെങ്കിൽ മൂന്നു പരിണാമദശകളിലൂടെ അവർ കടന്നുപോകുന്നതായിട്ടാണു് കഴിഞ്ഞദിവസം ഇവിടെ പ്രസ്താവിച്ചുകേട്ടതു്. ആശയങ്ങൾ ഉദിക്കുന്നു; അതിനെ വ്യക്തമായതരത്തിൽ ബുദ്ധിയിൽ വാർത്തെടുക്കുന്നു; പ്ലാനിടുന്നു, പിന്നീടു് അതു നടപ്പിൽ വരുത്തുന്നു. ഇങ്ങിനെയാണല്ലൊ ആ ക്രിയാപദ്ധതിയുടെ പോക്കു്. ഇതു് വെച്ചുനോക്കുമ്പോൾ ആശയസമ്പന്നരായ മന്ത്രിമാർക്കു് ആശയങ്ങൾ നടപ്പിൽ വരുത്താനുള്ള പ്ലാനിങ്ങു് നിശ്ചയമുണ്ടായിരിക്കണം. പിന്നെ അതങ്ങിനെ നടപ്പിൽ വരുത്തുകയെ വേണ്ടൂ. അതിനു് പണം അത്യാവശ്യമാണു്. പണമില്ലെന്നു വന്നാൽ സർവ്വ പുരോഗതിയും സ്തംഭിക്കും. അതുകൊണ്ടാണു് ധനകാര്യം മന്ത്രിമാരെ ഏല്പിച്ചുകൊടുക്കണമെന്നു് ഞാൻ പറയുന്നതു്. ധനകാര്യങ്ങളിലും ഇപ്പോഴെതന്നെ അവക്കു് കാര്യമായ കയ്യുള്ളതു് വാസ്തവമാണെങ്കിൽ ഈ വിട്ടുകൊടുക്കൽകൊണ്ടു് ഗവർമ്മെണ്ടിനേയും പേടിക്കാനുമില്ലല്ലൊ. പദ്ധതികൾ നടപ്പിൽവരുത്തുവാൻ പണമില്ലെന്നൊ, ഖജനാവിന്റെ താക്കോൽ കിട്ടിയിട്ടില്ലെന്നോ മന്ത്രിമാർക്കു് പറയുവാൻ അവസരം നല്കാത്തവിധം ഈ വകുപ്പും അവക്കു് വിട്ടുകൊടുത്തേതീരു.

ഗവർമ്മെണ്ടു കൊണ്ടുനടക്കുന്നതു് ആരുതന്നെയായിരുന്നാലും നിയമസമാധാനങ്ങൾ പുലർത്തുവാനും പാലിക്കുവാനും അവർ ശ്രമിക്കുമെന്നുള്ളതു് തീർച്ചയാണു്. അല്ലെങ്കിൽ ഭരണവുമായി മുന്നോട്ടു് പോകുവാൻ അവർ പ്രാപ്തരാകയില്ല. ഇന്നു് ഭരണമെല്ലാം ജനകീയ മന്ത്രിമാർക്കും ക്രമസമാധാനവും നീതിന്യായവും പാലിക്കാനുള്ള ചുമതല ഗവർമ്മെണ്ടിന്റെ സംവൃതപാദത്തിന്നുമാണു്. ഇതു് ഒട്ടും അഭിലക്ഷണീയമായ ഒരു നയമായി എനിക്കു തോന്നുന്നില്ല. ഭരണത്തിന്നുത്തരവാദിത്വം വഹിക്കുന്നവർ നിയമസമാധാനം പാലിക്കാനുള്ള ചുമതലയും വഹിച്ചേകഴിയു. ക്യാബിനറ്റിൽ ആലോചിച്ചാണു് ഇതെല്ലാം നടക്കുന്നതെന്നു പറഞ്ഞാലും എനിക്കു് എന്തൊ ബോദ്ധ്യമാകുന്നില്ല. അതിന്നു കാരണവുമുണ്ടു്. അഴിക്കോട്ടെ സംഭവത്തെപ്പറ്റി പരസ്യാന്വേഷണം നടത്തുവാൻ ഒരുന്നദ്യോഗസ്ഥ ഗവേഷണക്കമ്മിറ്റിയെ നിയമിക്കുന്നതിനു് ഗവർമ്മെണ്ടിനെ അവഹേളിക്കുന്ന ഒരുപക്ഷേപം ഈ സഭകഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ പാസ്സാക്കി. ഒരു പ്രജാമണ്ഡലം മെമ്പറാണു് ആ ഉപക്ഷേപം കൊണ്ടുവന്നതതന്നെ. അതിനെ സർവ്വശക്തിയോടുംകൂടി അനുകൂലിച്ചു് പ്രസംഗിച്ചവരാണു് അവിടെയിരിക്കുന്ന മന്ത്രിമാരായ മെസ്സേഴ്സ് പനമ്പിള്ളിയും 'റാവുബഹദൂർ നായരും' റാവുസാഹിബു് അയ്യപ്പനും. ഈ സംഭവത്തെപ്പറ്റി പരസ്യാന്വേഷണം വേണമെന്നുള്ളതിനു ഒട്ടുവളരെ തെളിവുകൾ തന്റെ കൈവശമുണ്ടെന്നു് അന്നു് പ്രജാമണ്ഡലം നേതാവായ മിസ്റ്റർ പനമ്പിള്ളി—ഇന്നത്തെ ഭക്ഷ്യ വിദ്യാഭ്യാസമന്ത്രി പ്രസ്താവിക്കുകയുണ്ടായി. അതുകേട്ടപ്പോൾ ഉപക്ഷേപത്തിൽ പറയുന്ന വിധത്തിലുള്ള നടപടി ഗവർമ്മെണ്ടു് എടുക്കണമെന്നു് പ്രജാമണ്ഡലം നേതാവു് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആ തെളിവുകളിൽ കുറെയെങ്കിലും തന്റെ മുമ്പിൽ ഹാജരാക്കുവാൻ ദിവാൻ പ്രസിഡണ്ടു് അദ്ദേഹത്തോടാവശ്യപ്പെട്ടിരുന്നു. ഇതുപോലെ പൂർവ്വചരിത്രമുള്ള ആ സംഗതിയെപ്പറ്റി ഇപ്പോഴിടെയുണ്ടായ ഗവർമ്മെണ്ടുത്തരവു് എന്താണു്? ആ സംഭവം സംബന്ധിച്ചുള്ള കേസ്സുകളും വിചാരണ ചെയ്യുവാൻ ഒരു സ്പെഷ്യൽ മജിസ്ട്രേട്ടിനെ നിയമിച്ചിരിക്കുന്നു എന്നു്. ആ സംഭവത്തെപ്പറ്റി അനുവളരെ തെളിവുകളും കൈവശമുള്ള പ്രജാമണ്ഡലം നേതാവടക്കമുള്ള മന്ത്രിമാർ ഉൾപ്പെടുന്ന ക്യാബിനറ്റിൽ ചർച്ചചെയ്തശേഷം ഉണ്ടായ തീരുമാനമാണു് ഇതെന്നും ഓർക്കണം. അപ്പോൾ ഈ വക കാര്യങ്ങളിൽ മന്ത്രിമാർക്കുള്ള അഭിപ്രായശക്തിയുടെ ഒരുഴം നമുക്കു് ഊഹിക്കാവുന്നതേയുള്ളു. അതിന്റെ ചുരുക്കം ഇതാണു്. ക്യാബിനറ്റു് ഉണ്ടെങ്കിലും ഇന്നു് ഈവക കാര്യങ്ങളിൽ വേണ്ടിടത്തോളം അധികാരങ്ങൾ പരമാർത്ഥത്തിൽ അവക്കുണ്ടൊ എന്നു് എനിക്കു് സംശയമാണു്. അല്ലെങ്കിൽ ഇവരെല്ലാംകൂടി അനുദ്യോഗസ്ഥാന്വേഷണക്കമ്മിറ്റി അന്വേഷിക്കണമെന്നു് അതിശക്തിയായി വാദിച്ച ഒരു കാര്യത്തിന്നു് ഇപ്രകാരം ഒരുത്തരവു് പുറത്തു വരുമായിരുന്നൊ? കേ

LIBRARY ARCHIVES Kerala Legislative Assembly

സ്സ് വിചാരണ ചെയ്യുന്ന മജിസ്ട്രേട്ടിനെപ്പറ്റിയായിരുന്നില്ല ആക്ഷേപം. അന്നദ്യോഗസ്ഥ കന്മിറ്റി വെച്ച് പരസ്യമായ അന്വേഷണം നടത്തണമെന്നായിരുന്നു ആവശ്യപ്പെട്ടിരുന്നത്. അതുകൊണ്ട് ജനങ്ങളുടെ ആവശ്യങ്ങൾ ഇപ്രകാരം പ്രഹസനമായി രൂപാന്തരം പ്രാപിക്കാതിരിക്കുന്നതിനും നാട്ടിൽ നിയമസമാധാനം കൂടുതൽ തൃപ്തികരമായി പാലിക്കപ്പെടുന്നതിനും വേണ്ടി ആ വകുപ്പുകളും കൂടി വിട്ടുകൊടുക്കണമെന്നാണ് എനിക്ക് മഹാരാജാവ് തിരുമേനിയോട് അഭ്യർത്ഥിക്കുവാനുള്ളത്. ഇവയൊക്കെ വിട്ടുകൊടുക്കുന്നതിനും ഭരണഘടനാ ഉപദേശകസമിതി ഒരു ഭരണഘടന എഴുതിയുണ്ടാക്കി അതു പാസ്സാക്കി നടപ്പിൽ വരുത്തുന്നതുവരെ കാത്തിരിക്കേണ്ട ആവശ്യം യഥാർത്ഥത്തിൽ ഇപ്പോഴില്ല. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

Mr. Parambi Lonappen *(Irinjalakkuda)*: This I consider to be a very important resolution in spite of the fact that there is the word "immediately" in this resolution. I will just read the resolution for the information of the Hon'ble House.— "This Council recommends to Government to arrange to hand over immediately to the Representatives of the people those departments which deal with Law and Order as also Finance, thus making them fully responsible of the administration of the State." We know, Sir, that by His Highness' announcement on 13th Karkadagam 1121 and also by His Highness' Message on the 1st of Chingam 1122, His Highness has declared His intention to give us full responsible Government as early as possible and with that idea in mind He has responded by giving us four Ministers and transferred more departments of the State for Ministerial control. But I do not think that any member of this Council, whether belonging to the Prajamandal, Progressive, Socialist or Nationalist party will be satisfied with the transfer of these departments alone and that they can wait till the advisory committee frames the Constitution Act to see that Law and Order and Finance be transferred to ministerial control. For the last two months and a half we have seen that the departments that have been transferred to the control of the Ministers have been very satisfactorily worked. *(hear, hear)*. I can congratulate them for the way in which they are carrying on the administration. When I moved a resolution for introducing Prohibition in this State immediately, objection was taken on the ground that the word "immediately" was there. But in this case, Sir, no party in this Council can have a complaint that the word "immediately" is unnecessarily introduced in this resolution. I am appealing to the reserved half of the Government and in my appeal I request all members of the House belonging to any party whatsoever, including the Ministers and the Government to request His Highness through this Resolution to transfer the Departments of Law and Order and Finance immediately. Of course I am not saying that it should be done to-day; but long before the Advisory Committee completes its work, I have my own reasons, I request that the Government of His Highness the Maharaja of Cochin and His Highness personally, to transfer these departments because if Law and Order is transferred into the hands of Ministerial control I am positive that many of these unhappy incidents that are taking place today in the name of strikes and lockouts will be stopped, not only by the influence of the popular Ministers but also by the vigilant and watchful exertions and control of those who are responsible primarily for the maintenance of Law and Order. Further it is absolutely necessary that the portfolios of Law and Order should be immediately transferred to the control of the popular Ministers especially for the purpose of maintaining peace and order in this country. We want to live in peace. We want to avoid all strikes and clashes between the police and the workers.. We want to avoid all the strikes by the students and the consequent clashes between the Police and the students and these state of affairs can be avoided only if Law and Order is transferred to the Ministerial control immediately. That is the reason why I am very very anxious that these two departments of the State should be transferred immediately.

Then again, Sir, we find from the reports in the papers as well as from other sources that the Ministers have got very many schemes in their minds. Of course the Minister for Public Works has stated in this House that he is keen in undertaking certain irrigation schemes; but as matters stand at present he is not able to undertake them since he has not got the necessary funds. I also found a report in the papers that the town of Ernakulam should be connected with Mulavukad by means of a bridge and that if necessary some taxes may be levied from pedestrians also to meet the financial commitments in connection with the scheme. If such useful schemes ought to be undertaken finance must also be under the control of the Ministers. Further now that His Highness has declared His intention to transfer all the departments of the State to popular control, in other words He has declared His intention that full responsible Government will be given to us as early as possible, why should the Government wait for it?

LIBRARY ARCHIVES Kerala Legislative Assembly

Having seen the good working of the Ministry after the transfer of so many departments of the State which were kept secured before and untouched before, why should the Government now hesitate to transfer these also to popular control. Therefore in the name of the peace in the country for the sake of proper and orderly Government without any commotion, tumult or revolution as we have seen in the neighbouring State of Travancore I would request the Government to act quickly and promptly and see popular Ministers are invested with these powers. With these few observations I support this resolution.

*മിസ്റ്റർ പി. ടി. ജേക്കബ്ബ്: സർ, ഈ പ്രമേയത്തെ സംബന്ധിച്ചു പറയുമ്പോൾ, Law and Order എന്തിനാണ് ജനകീയ പക്ഷത്തേക്കു വിട്ടുകൊടുക്കണമെന്നു നാം ആവശ്യപ്പെട്ടതു് എന്നുള്ളതിനെക്കുറിച്ചുകൂടി പറയുവാനുണ്ടു്. ഉദ്യോഗസ്ഥന്മാരുടെ, പ്രത്യേകിച്ചു് നാട്ടിൽ സമാധാനം സ്ഥാപിക്കുവാൻ ഏല്പിക്കപ്പെട്ടിരിക്കുന്ന പോലീസിന്റെ, അവിശ്വാസം ജനിപ്പിക്കുന്നതും മനുഷ്യന്റെ ആത്മാഭിമാനത്തെ നശിപ്പിക്കുന്ന വിധത്തിലുള്ളതുമായ ഉത്തരവാദരഹിതമായ പ്രവർത്തനങ്ങളെ തടയേണ്ടതു് ഈ സഭയുടെ ആവശ്യമാണെന്നു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനാണു് ഇതിവിടെ പറയുന്നതു്. ജനങ്ങൾക്കു ന്യായമായ തീരുമാനങ്ങൾ അവരുടെ പ്രവർത്തനത്തിൽ വരുത്തുവാൻ തക്കവിധത്തിൽ ഇവിടത്തെ പോലീസും ഇവിടത്തെ നീതിന്യായ കോടതികളും നിലകൊള്ളണം. അങ്ങിനെ അതിനെ നില നിർത്തണമെന്നുള്ള ആവശ്യത്തിന്നാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഉദ്യോഗസ്ഥന്മാരുടെ അധികാരത്തെ നിലനിർത്തണമെന്നുള്ള കാര്യത്തെ മാത്രം മുൻനിർത്തി, ഏതെങ്കിലും ഒരുദ്യോഗസ്ഥൻ തെറ്റു ചെയ്യുന്നതായാൽ അതു ശരിയാണെന്നു തെളിയിക്കുവാനുള്ള ന്യായ വാദങ്ങളോടുകൂടിയ പ്രവർത്തനങ്ങളാണു് അധികവും നടക്കുന്നതു് എന്നുള്ളതു് നമുക്കനുഭവമാണു്. നിസ്സാരമായ കാര്യങ്ങളിൽ പോലും, പരസ്യമായി ജനങ്ങൾക്കറിയാവുന്ന തെറ്റുകളെപോലും തെറ്റല്ലെന്നു വരുത്തുവാൻ, ഈ കാണുന്നതു് പകലല്ല, രാവാണു് എന്നു പറയുന്നതുപോലെ നമുക്കനുഭവമുള്ള കാര്യങ്ങളെപോലും കളവാണെന്നു തെളിയിക്കുവാൻ, ശ്രമിക്കുന്ന സമ്പ്രദായം ഈ നാട്ടിൽനിന്നുന്മൂലനംചെയ്യണം, അതിന്നു് ഇതു് ജനങ്ങളോടുത്തരവാദിത്വമുള്ള ഡിപ്പാർട്ട്മെണ്ടായിതീരണം, അതിനുവേണ്ടിയാണു് ജനകീയ മന്ത്രിമാരുടെ കയ്യിലേക്കു ഈ ഡിപ്പാർട്ട്മെണ്ടുകൾ ഏല്പിക്കണമെന്നു പറയുന്നതു്. ഏറ്റവും നിസ്സാരമായ ഒരു കാര്യത്തെക്കുറിച്ചു്—ഒരു ബസ്സ്സ്റ്റാണ്ടിൽ നടന്ന സംഭവത്തെക്കുറിച്ചുതന്നെ നമുക്കൊന്നു ആലോചിക്കാം. "പ്രവേശനമില്ല" എന്നു ബോർഡ് ഇല്ലാതിരുന്ന ഒരു സ്ഥലത്തു് ബോർഡ് പിന്നീടു് ഉണ്ടാക്കുന്ന ഏർപ്പാടിനെയാണു് ഞാൻ സൂചിപ്പിക്കുന്നതു്. അതുണ്ടെന്നുപറഞ്ഞു് പ്രവേശനത്തെ നിഷേധിക്കുക.

മിസ്റ്റർ പറമ്പിലോനപ്പൻ: എന്താണു് ആ സംഭവം?

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുന്ന സംഗതിയുടെ മുഴുവൻ വിവരവും ഞാൻ പറയാം. സാധാരണ ബസ്സ്സ്റ്റാണ്ടിൽ ചെല്ലുമ്പോൾ ടിക്കറ്റു കൊടുക്കുന്ന ആളുടെ മുറിയിൽ പ്രവേശനമില്ല എന്നു ബോർഡുകാണാതിരുന്നതുകൊണ്ടു് ഒരു മാന്യൻ അവിടെ കയറിച്ചെന്നപ്പോൾ ഉണ്ടായ ചില സംഭവങ്ങൾ നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകും. പക്ഷെ അതിവിടെ പ്രസ്താവിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പറമ്പിലോനപ്പൻ: എന്താണു് അതിന്റെ വിവരങ്ങൾ?

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അതിവിടെ പറയുന്നതു് ശരിയല്ലെന്നു് എനിക്കും അതാവശ്യപ്പെടുന്ന മെമ്പർക്കുമറിയാം. അതിന്റെ മുഴുവൻ വിവരങ്ങളും പത്രങ്ങളിലുണ്ടായിരുന്നു. നമ്മുടെ ആത്മാഭിമാനത്തെ സംരക്ഷിക്കാൻ വേണ്ടിയാണു് ഇതു നിലനിർത്തുന്നതെങ്കിൽ അതിനുവേണ്ടി പ്രവർത്തിക്കുന്നില്ല എന്നുള്ളതു് ഇതൊരു തെളിവാണു്. തെറ്റുചെയ്യാൽതന്നെ, തെറ്റുചെയ്തില്ലെന്നു തെളിയിക്കുന്ന വിധത്തിലുള്ള പലസംഭവങ്ങളും നടന്നിട്ടുണ്ടു്. ഇങ്ങിനെയുള്ള ഡിപ്പാർട്ട്മെണ്ടിന്റെ ഭരണത്തിൽ ആളുകൾക്കു് ആക്ഷേപം ജനിക്കുന്നുണ്ടെങ്കിൽ അത്തരം പ്രവർത്തനത്തെ തടയേണ്ടതു് നമ്മുടെ ചുമതലയല്ലെ? നമ്മുടെ ഗവൺമെണ്ടിന്റെ പേരിൽ ഈ നാട്ടിലെ ജനങ്ങൾക്കുള്ള അഭിമാനം നിലനിർത്തണം. അതിനുവേണ്ടിയാണു് ഈ നിയമസഭയിൽ ഞങ്ങൾ ആവശ്യപ്പെടുന്നതു് ഉത്തരവാദിത്വത്തോടുകൂടിയ ജനകീയ ഭരണത്തിന്റെ കീഴിൽ ഈ ഡിപ്പാർട്ട്മെണ്ടുവരുത്തണമെന്നും ഫിനാൻസിന്റെ പ്രധാനമായ ഭാഗം ഗവൺമെണ്ടിന്റെ കൈവശമില്ല. എങ്കിലും ശേഷിച്ചിട്ടുള്ള ഭാഗങ്ങൾകൂടി

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ കയ്യിൽ തരണം. അതുകൂടി കിട്ടിയാൽ മാത്രമേ ശരിയായി ഭരണം നടത്തുവാൻ സാധിക്കുകയുള്ളു. അതുകൊണ്ടാണു് ഇതെല്ലാം ആവശ്യപ്പെടുന്നതു്. ഇത്രയും പറഞ്ഞു കൊണ്ടു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

മിസ്റ്റർ സി. എസ്സ്. പണിക്കർ: സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇതിൽ ഒരു വാക്കുപോലും മാറാനുണ്ടെന്നു അഭിപ്രായം എനിക്കില്ല. പരിപൂർണ്ണമായിരിക്കുന്ന ഉത്തരവാദഭരണമാണു് ഈ സഭ ആവശ്യപ്പെട്ടുവന്നിട്ടുള്ളതു്. അതാണു് ഈ സഭയുടെ ലക്ഷ്യം. ഇതിനോടു് എല്ലാമെമ്പർമാരും യോജിക്കുന്നുണ്ടു് എന്നുള്ളതു് ഒരു പരമാർത്ഥം മാത്രണ്ടു്. ഇന്നു മന്ത്രിസഭ പ്രവർത്തിക്കുന്നുണ്ടെങ്കിലും ദിവാൻജിയിൽ നിക്ഷേധാധികാരം കിടികൊള്ളുന്നു. എന്നുള്ളതുകൊണ്ടല്ല ബാക്കിയുള്ള വകുപ്പുകളും കൂടി മന്ത്രിഭരണത്തിനു വിട്ടുകൊടുക്കണമെന്നു ഞാൻ പറയുന്നതു്. ഭരിക്കുവാനുള്ള അവകാശം ജനപ്രതിനിധികളിലാണു കിടികൊള്ളുന്നതു് എന്നുള്ള വിശ്വാസത്തെ അടിസ്ഥാനമാക്കിയാണു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നതു്. പൊതുജനപ്രതിനിധികളുടെ പ്രാതിനിധ്യം വഹിക്കുന്ന ഈ സഭക്കു് നീതിന്യായ വകുപ്പുകളുടെ ഭരണാധികാരം വിട്ടുകൊടുക്കാത്തമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന ദുരനുഭവിതങ്ങളെക്കുറിച്ചു് ഇതിനുമുമ്പു പ്രസംഗിച്ച എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ ജേക്കബ്ബു് സൂചിപ്പിക്കുകയുണ്ടായി. മന്ത്രിസഭയുടെ കീഴിൽ വന്നിരിക്കുന്ന ഡിപ്പാർട്ടുമെണ്ടുകളിൽ ഒരു പുതിയ മനോഭാവം ഉണ്ടായിട്ടുണ്ടു്. തങ്ങളാണു് ഭരണാധികാരികൾ എന്നുള്ള ഒരു ബോധം പൊതുജനങ്ങളുടെയിടയിൽ ഉണ്ടായിട്ടുണ്ടു്. എങ്കിലും പൊതു സമാധാനവും, നിയമവും സ്ഥാപിക്കാൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട ഇരിങ്ങാലക്കുടെ മെമ്പർ പറഞ്ഞതുപോലെ നിയമ സമാധാനങ്ങൾ പൊതുജന പ്രതിനിധികളുടെ കയ്യിലേക്കു മാറ്റം ചെയ്യിരുന്നു എങ്കിൽ തീച്ചയായും പൊതുജനദ്രോഹകരമായ ലാത്തി ചാർജ്ജും മറ്റും കൂടാതെ കഴിക്കാൻ സാധിക്കുമായിരുന്നു. ഇങ്ങനെയുള്ള പരിതഃസ്ഥിതി നമ്മുടെ രാജ്യത്തുനിന്നു് നീക്കം ചെയ്യേണ്ടതു് ആവശ്യമാണു്. ഭരണസമിതിയുടെ ആവശ്യം മുൻകൂട്ടി അറിഞ്ഞു് നടപ്പിൽ വരുത്താനാണു് ഈ റസലൂഷൻ കൊണ്ടുവന്നതു് എന്നു് ഗവൺമെണ്ടുഭാഗം വാദിക്കുകയില്ലെന്നു് ഞാൻ വിശ്വസിക്കുന്നു: ഇതു കേവലം പരിമിതമായ ഒരാവശ്യംമാത്രമാണു്. ഇതു നിവ്വഹിക്കുന്നതിനു യാതൊരു വിധത്തിലുള്ള തടസ്സവും ഗവൺമെണ്ടിനുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇത്രമാത്രം പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മിസ്റ്റർ പി. കെ. ഡിവർ: സർ, ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ആശയസമ്പന്നരായ മന്ത്രിപുംഗവന്മാർക്കു പണപ്പെട്ടിയുടെ താക്കോൽ കയ്യിലില്ലാത്തതുകൊണ്ടു് അവരുടെ ആഗ്രഹംപോലെ കാര്യങ്ങൾ നടത്തുവാൻ സാധിക്കാതെവരുന്നു എന്നുള്ള കാരണംകൊണ്ടല്ല ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നതു്. നിയമസഭയിലെ മുന്നു കക്ഷികളും കൂടി യോജിച്ചു ഭരണാധികാരം ഏറ്റെടുക്കുവാൻ തീരുമാനിച്ചപ്പോൾ ഉണ്ടായിരുന്ന സ്ഥിതിഗതികൾ ഇപ്പോഴും നിലനില്ക്കുന്നുണ്ടു്. മഹാരാജാവു തിരുമനസ്സുകൊണ്ടു ചരിത്രപ്രധാനമായ ഒരു പ്രഖ്യാപനം ആവർത്തിച്ചാവർത്തിച്ചു ചെയ്തു. കൊച്ചിയിലെ ജനങ്ങൾ ബ്രിട്ടീഷു ജനങ്ങളെ മാതൃകയായി കണക്കാക്കണമെന്നു പറഞ്ഞു. അവിടുന്നു പ്രത്യക്ഷമായി പറഞ്ഞില്ലെങ്കിലും പരോക്ഷമായി നമ്മളെ മനസ്സിലാക്കി, ബ്രിട്ടീഷുരാജാവിനെ മാതൃകയാക്കി ഭരണം നടത്തുവാൻ അവിടുന്നു തീരുമാനിച്ചിരിക്കുകയാണു് എന്നു്. ഭരണാധികാരം പരിപൂർണ്ണമായി വിട്ടുകിട്ടിയിട്ടില്ലെങ്കിലും ക്യാബിനറ്റസമ്പ്രദായം നടപ്പാക്കുവാനും തീരുമനസ്സുകൊണ്ടു പരിപൂർണ്ണമായ ഒരു വ്യവസ്ഥാപിത മഹാരാജാവായി കഴിഞ്ഞുകൂടാനും തീരുമാനിച്ചുകൊണ്ടു നിയമസമാധാനവും ഫിനാൻസും ഒഴികെയുള്ള എല്ലാ ഭരണവകുപ്പുകളും ജനകീയമന്ത്രിമാരുടെ അധികാരത്തിലേക്കു വിട്ടുകൊടുക്കുവാൻ മഹാരാജാവു സന്നദ്ധത പ്രദർശിപ്പിക്കുകയും പരിപൂർണ്ണഉത്തരവാദഭരണത്തിനു വേണ്ട വ്യവസ്ഥകളും നിർദ്ദേശിക്കുവാൻ ജനപ്രതിനിധികൾക്കു ഭരിപക്ഷമുള്ള ഒരു കമ്മിറ്റിയെ നിശ്ചയിക്കുകയും ചെയ്തുകഴിഞ്ഞപ്പോൾ അത്യധികം പ്രത്യാശയോടും വിശ്വാസത്തോടുംകൂടിതന്നെ ഭരണാധികാരം ഏറ്റെടുക്കുവാൻ ഞങ്ങളുടെ കക്ഷികൾക്കു സാധിച്ചു.

മിസ്റ്റർ ജോസ് കെ. വള്ളിസ്സ്: പിന്നെ എന്തിനാണു വടക്കോട്ടു പോയതു്?

മിസ്റ്റർ പി. കെ. ഡിവർ: എനിക്കു നിശ്ചയമില്ല, കാറുകൊള്ളാനായിരിക്കാം. അങ്ങിനെ ഞങ്ങളുടെ കക്ഷിനേതാക്കന്മാർ മന്ത്രിമാരായി ഭരണം ഏറ്റെടുത്തതിനുശേഷം നിയമസമാധാനവകുപ്പുകളിലെ ഭരണാധികാരം തൽക്കാലത്തേക്കു അവരുടെ കൈ

LIBRARY ARCHIVES Kerala Legislative Assembly

വശമില്ലാത്തതുമൂലം യാതൊരു വൈഷമ്യവും ഉണ്ടായിട്ടുള്ളതായി അനുഭവമില്ല. എന്നുമാത്രമല്ല, അവക്കു വിട്ടുകൊടുക്കാത്ത വകുപ്പുകളിലും അവരുടെ അഭിമതം ശരിയായി പാലിക്കപ്പെട്ടുപോരുന്നതായും നമുക്കു് അനുഭവപ്പെട്ടിട്ടുണ്ടു്. അതുപോലെതന്നെ മന്ത്രിമാക്കു് അവരുടെ ആശയങ്ങൾ പ്രവൃത്തിപഥത്തിയിൽ കൊണ്ടുവരുന്നതിനു പണമില്ല, പെട്ടിയുടെ താക്കോൽ ദിവാൻജിയുടെ കയ്യിലിരിക്കുന്നു എന്നുള്ളതു് ഒരു പ്രതിബന്ധമായി ഒരിക്കലും അനുഭവപ്പെട്ടിട്ടില്ല എന്നതും പരമാർത്ഥമാണു്. അതിനാൽ പ്രമേയം അവതരിപ്പിച്ച പ്രതിപക്ഷകക്ഷികൾ പറഞ്ഞ ഈവക കാരണത്തിന്മേൽ അല്ല ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നതു്. പിന്നെയോ തങ്ങളെ ഭരിക്കുവാനുള്ള പരിപൂർണ്ണമായ അധികാരം ജനങ്ങൾക്കുതികച്ചും കിട്ടേണ്ടതു ജനങ്ങളുടെ ആവശ്യവും അവകാശവുമാണെന്ന മൌലികതത്വത്തെ ആസ്പദമാക്കിയത്രെ. പോണ്ടിച്ചേരിയിലേക്കും വല്ലാർപാടത്തേക്കും മാറ്റം പാലം കെട്ടുന്നതിനോ അല്ലെങ്കിൽ ജനങ്ങൾക്കു ഗുണകരമായ മറ്റു കാര്യങ്ങൾ നടപ്പാക്കുന്നതിനോ ഇപ്പോൾ പെട്ടെന്നു സാധിച്ചുകിട്ടില്ലെങ്കിൽ അതു പണപ്പെട്ടിയുടെ താക്കോൽ ദിവാൻജിയുടെ കയ്യിലിരിക്കുന്നതുകൊണ്ടല്ല. പണപ്പെട്ടിയുടെ താക്കോൽ ആരുടെ കയ്യിലായിരുന്നാലും ആവശ്യത്തിനു മന്ത്രിമാക്കു പണം കിട്ടിക്കൊള്ളുമെന്നുള്ളതു തീർച്ചയാണു്. അഥവാ അവക്കതു കൊടുത്തില്ലെങ്കിൽ അവർ ബലമായി അതു തുറന്നോ തല്ലിപ്പൊളിച്ചോ എടുത്തുകൊള്ളും. അതും സാധിക്കാത്തപക്ഷം അധികാരം വലിച്ചെറിഞ്ഞു് അവർ ഇറങ്ങിപ്പോന്നുകൊള്ളും. അതിനു വേണ്ടുന്ന ധൈര്യമുള്ള മന്ത്രിമാർ മാത്രമാണു ഞങ്ങൾ അവിടെ ഇരുത്തീട്ടുള്ളതു്. ജനങ്ങളുടെ പിൻതുണയോടുകൂടി അധികാരം ഏറ്റെടുത്തിട്ടുള്ള മന്ത്രിമാക്കു് ഇതുവരെയായതൊരു നൈരാശ്യത്തിനും കാരണമുണ്ടായിട്ടില്ലെന്നു പ്രതിപക്ഷത്തിലെ സ്നേഹിതന്മാരെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ജനഹിതം നടത്തുന്നതിനും ജനക്ഷേമം പുലർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഈ നിലയിൽ വിഷമമുണ്ടെന്നു കണ്ടാൽ ആ സംഗതി അവർ നമ്മോടു തുറന്നുപറയാനും മടിക്കുകയില്ല. എന്നാൽ ഇപ്പോൾ അവർ അവിടെ പോയി ഇരിക്കുന്നതു പ്രധാനമായും കഴിയുന്നതും വേഗത്തിൽ പരിപൂർണ്ണമായ ഉത്തരവാദഭരണം നടപ്പാക്കുന്നതിനാണെന്ന സംഗതി നമ്മൾ വിസ്മരിച്ചുകൂടാ. രണ്ടു പ്രധാനവകുപ്പുകൾ തല്ക്കാലം കയ്യിൽ കിട്ടിയിട്ടില്ലെങ്കിലും ക്യാബിനറ്റസമ്പ്രദായം നടപ്പാക്കീട്ടുള്ളതുകൊണ്ടു തങ്ങൾ വിചാരിക്കുന്ന സംഗതികൾ നടപ്പാക്കാൻ കഴിയുമെന്നുള്ള വിശ്വാസത്തോടുകൂടി അവിടെ പോയിരിക്കുന്ന ആളുകൾക്കു് ആ വിശ്വാസത്തിനു ഭംഗം വരത്തക്ക യാതൊരു സന്ദർഭവും ഇതുവരെ ഉണ്ടായിട്ടില്ല. എങ്കിലും നമ്മെ ഭരിക്കുവാനുള്ള അധികാരം പരിപൂർണ്ണമായും നമുക്കുതന്നെ ലഭിക്കേണ്ടതു നമ്മുടെ ജന്മാവകാശമാകയാൽ ഒട്ടും താമസിക്കാതെതന്നെ ഈ രണ്ടു വകുപ്പുകൾ മാത്രമല്ല, നിയമസഭയുടെ അധികാരപരിധിയിൽനിന്നു മാറ്റിനിർത്തപ്പെട്ടിട്ടുള്ള ദേവസ്വം തുടങ്ങിയ എല്ലാ വകുപ്പുകളുടേയും ഭരണാധികാരം ജനകീയമന്ത്രിമാക്കു വിട്ടുകൊടുക്കേണ്ടതാണെന്ന ഞാനും പ്രമേയകർത്താക്കളോടുചേർന്നു വാദിക്കുന്നു. ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചതു വളരെ നിസ്സാരമായ അധികാരഭാഗംകൊണ്ടു മാത്രം തൃപ്തിപ്പെട്ടു പരിപൂർണ്ണമായ ഉത്തരവാദഭരണത്തിനു വേണ്ടി നിയമസഭയിലെ ഭൂരിപക്ഷംപേർ നടത്തിയ ശക്തിയായ വാദങ്ങളിലും പ്രകടനങ്ങളിലും പങ്കുകൊള്ളാതെ എല്ലാം നമുക്കു കറേശ്ശെയായി കിട്ടിക്കൊള്ളുമെന്നു പറഞ്ഞിരുന്ന നാഷണലിസ്റ്റ് പാർട്ടിയാണെന്നുള്ളതു വളരെ രസകരമായിരിക്കുന്നു. നിയമസഭയുടെ പ്രോഗ്രസീവ്—സോഷ്യലിസ്റ്റ്—പ്രജാമണ്ഡൽ പാർട്ടികൾ ചേർന്നു സ്വീകരിച്ച എത്രയും ന്യായവും സന്ദർഭോചിതവുമായ പരിപാടികൾ വിദ്വേഷജനകമോ രാജദ്രോഹപരമോ ആണെന്നുപോലും ദുർവ്യാഖ്യാനം ചെയ്യാൻ മടിക്കാത്ത നാഷണലിസ്റ്റ് പാർട്ടിക്കു, മുൻപറഞ്ഞ മൂന്നു പാർട്ടികളുടേയും പരിപാടികൾ ഫലപ്രദമായി എന്നു് ഇപ്പോൾ അനുഭവപ്പെട്ടതിന്റെ ഫലമായി ഉടനടി എല്ലാ അധികാരവും വിട്ടുതരണമെന്നാവശ്യപ്പെടാനുള്ള ധൈര്യമുണ്ടായിത്തീർന്നതു് ഏതായാലും വളരെ സന്തോഷജനകമായിട്ടുള്ളതാണു്. അഴീക്കോട്ടെ സംഭവത്തിൽ ന്യായമായ ഒരു പരസ്യാന്വേഷണം നടത്തിക്കാൻ മന്ത്രിമാക്കു സാധിച്ചില്ലെന്നും അതു ലോ ആൻറ് ഓർഡർ അവരുടെ അധികാരത്തിലില്ലാത്തതുകൊണ്ടാണെന്നും ക്യാബിനറ്റിൽ മന്ത്രിമാക്കു വലിയ സ്വാധീനശക്തി ചെലുത്താൻ സാധിക്കുന്നില്ലെന്നും ഇവിടെ ഒരു മെമ്പർ (നാഷണലിസ്റ്റ്) പ്രസ്താവിച്ചുകേട്ടു. പോലീസു് ബഡ്ജറ്റിനെപ്പറ്റിയുള്ള വിമർശനം നടന്നുകൊണ്ടിരിക്കുമ്പോൾ കൊടുങ്ങല്ലൂർക്കാരുടെ ഒരു ഹർജി ഇവിടെ ശ്രീമാൻ പത്തൂർ നിയമസഭയിൽ സമർപ്പിച്ചതു മെമ്പർമാർ ഓർക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ആ ഹർജിയിൽ അവർ ആവശ്യപ്പെട്ടിട്ടുള്ളതു് ഒരു പരസ്യമായ അന്വേഷണം വേണമെന്ന മാത്രമായിരുന്നു. അല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഔദ്യോഗസ്ഥകമ്മിറ്റിയെ വെച്ച് അന്വേഷണം നടത്തണമെന്ന് അവർ ആവശ്യപ്പെട്ടിട്ടില്ല. കൈക്കൂലിക്കോ മറ്റ പ്രലോഭനങ്ങൾക്കോ വശംവദനാകാത്ത് തൻറേടവും ആജ്ഞവവും ഉള്ള ഒരാളെക്കൊണ്ട് ഒരു പരസ്യാന്വേഷണം നടത്തിക്കണമെന്നാണ ജനങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളത്. അഴീക്കോട്ടെ സംഭവത്തെപ്പറ്റി നിഷ്കൃഷ്ടവും നിഷ്പക്ഷവുമായ ഒരന്വേഷണം വേണമെന്നുള്ള ജനങ്ങളുടെ ആവശ്യം ഗവമ്മെണ്ട് ഇപ്പോൾ സാധിച്ചുകൊടുത്തിട്ടുണ്ടെന്നാണ് എൻറെ വിശ്വാസം. റിട്ടയർഡ് ജഡ്ജി മിസ്റ്റർ പൌലോസിനെ ഒരു സ്പെഷൽ മജിസ്ട്രേട്ടായി നിയമിച്ചുകൊണ്ട ഗവമ്മെണ്ട പാസ്സാക്കിട്ടുള്ള ഉത്തരവു ശരിക്ക മനസ്സിലാക്കുവാൻ സാധിച്ചാൽ തീർച്ചയായും അതു ബോദ്ധ്യപ്പെടാതിരിക്കുകയില്ല. പക്ഷെ ദൈവദത്തമായ സ്വന്തം ബുദ്ധിശക്തി കെട്ടിവെച്ചു വക്രബുദ്ധികളും കുസ്തിക്കെട്ടുകളും ആയ വല്ലവരും കെട്ടിവെച്ചുകൊടുത്ത ദുർഗ്രഹമായ ഭാരം പേറിക്കൊണ്ട് അവരുടെ വക്രദൃഷ്ടിയിൽക്കൂടി കാര്യങ്ങൾ നോക്കിക്കാണണമെന്നവക്കു അതു മനസ്സിലാക്കാൻ സാധിച്ചെന്നു വരുന്നതല്ല. ലോ ആൻറ് ഓർഡർ മന്ത്രിമാക്ക വിട്ടുകൊടുത്തിരുന്നാലും ഇന്നു ഗവമ്മെണ്ട് ഈ വിഷയത്തിൽ ചെയ്തിരിക്കുന്നതുതന്നെയായിരിക്കും അവരും ചെയ്യുക. പക്ഷെ അതു ജനങ്ങളുടെ മന്ത്രിമാർ ചെയ്തതാണ് എന്നൊരു വ്യത്യാസവും ജനങ്ങൾക്കതുകൊണ്ടു കൂടുതൽ സംതൃപ്തിയും ഉണ്ടാകും. അതുകൊണ്ടാണു ഞാൻ പറയുന്നതു", ശേഷിച്ചുള്ള എല്ലാ അധികാരവും മരണഘടനോപദേശകസമിതിയുടെ തീരുമാനത്തിനു മുൻപായിതന്നെ വിട്ടുകൊടുക്കേണ്ടതാണെങ്കിലും, മന്ത്രിഭരണത്തിനു വിട്ടുകൊടുക്കാത്ത വകുപ്പുകളുടെ ഭരണത്തിൽ മൌലികമായ നിയന്ത്രണം മന്ത്രിമാക്ക കൃാബിനറവഴി സാധിക്കുമ്പോൾ വെറുതെ ദൃഷ്ടേരിനു മാത്രം ഇവ വിട്ടുകൊടുക്കാതെ കയ്യിൽ വെച്ചിരിക്കുന്നതെന്തിനു" എന്നു". ലോ ആൻറ് ഓർഡർ മാത്രമല്ല ദൈനംദിനത്തിൻറെപോലും അധികാരം നമ്മുടെ കൈയ്യിലിരിക്കുന്നു. ഈ രാജ്യത്തിലെ പൊതുജനങ്ങളെ സംബന്ധിക്കുന്ന എല്ലാ ഭരണാധികാരങ്ങളും മന്ത്രിമാക്കു" അതായതു പൊതുജനങ്ങൾക്കു കിട്ടേണ്ടതാണു". അതു കിട്ടാതെയിരിക്കയില്ല. വാങ്ങാതെ അവർ പിടിക്കുകയില്ല. യഥാർത്ഥത്തിൽ അതു ഉടനെതന്നെ കിട്ടാനുള്ള പരിതഃസ്ഥിതികളും ഇന്നുണ്ട്. മന്ത്രിമാക്ക പ്രതിപക്ഷമുള്ള ഒരു കൃാബിനറുണ്ട്. അതുപോലെ അനൌദ്യോഗസ്ഥമെമ്പർമാക്ക പ്രതിപക്ഷമുള്ള ഒരു അഡൈവസറി കമ്മിറ്റിയുണ്ട്. അതുകൊണ്ടു നേരത്തെതന്നെ വിട്ടുകൊടുക്കുന്നതല്ലേ നല്ലതു"? അങ്ങിനെ വിട്ടുകൊടുത്താൽ അതു കൊടുക്കുന്നവക്ക ജനങ്ങളുടെ ഹൃദയംഗമമായ പ്രശംസയും സംതൃപ്തിയും ലഭ്യമാകും. അതു" ഏറ്റവും വേഗത്തിൽ സമ്പാദിക്കുന്നതായിരിക്കയല്ലേ ബുദ്ധിപൂർവ്വകം എന്നു" ആലോചിക്കേണ്ടവർ ആലോചിക്കേണ്ടതാണു". അതുകൊണ്ട് ഈ പ്രമേയം അംഗീകരിക്കേണ്ടവർ അംഗീകരിക്കേണ്ടതാണെന്നുള്ള അപേക്ഷയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

Mr. M. Sivarama Menon (*Advocate-General*): I wish to partake in the discussion of this resolution in so far as the discussion referred to the failure to secure orders from the Reserved Half of Government for the appointment of a non-official committee to enquire into the incidents that are alleged to have taken place at Azicode. There is already a judicial tribunal in seisin of two cases charge-sheeted by the Police in connection with those incidents. How can a non-official enquiry be conducted regarding the same incidents without traversing grounds and evidence under adjudication by a duly constituted court of law? Government may have no proper answer if proceedings in contempt are taken against them by the High Court. I have never heard of a non-official enquiry to find out the guilt or innocence of particular persons regarding any crime. The Laws of the Land have made ample provision for the same and the Code of Criminal Procedure has set up a machinery for the trial of persons accused of crimes. Investigation into cognisable offences is also provided for in the Code and the limitations within which such an investigation is to be conducted are also found there. Plenary powers have been given to the Police in the matter of conducting investigations and there is a set procedure which has to be followed. They aim at doing justice to the accusor and the accused. A non-official tribunal cannot work under the provisions of the Code of Criminal Procedure. They have no right in law to gather evidence or to put witnesses on oath. There is no law which compels any of the citizens to co-operate with an enquiry conducted by such a tribunal. It will, therefore, be a mere farce if the attempt is to find out the really guilty persons and then proceed in accordance with law. General questions may be enquired into by non-official tribunals with a view to remedial measures being taken as a whole; but not in substitution of the functions of a court of law. A non-official enquiry has no statutory basis and the finding of such a committee is not capable of enforcement. We cannot have punishments meted out as Acts of State. The Law must have its course unhampered by non-official enquiries regarding the same subject

LIBRARY ARCHIVES Kerala Legislative Assembly

matter or regarding matters which are so inter-mingled with the subject matter of the enquiry that the one cannot but tread on the field of the other. Enquiry into the guilt or otherwise of persons have to be conducted in a disciplined path with safeguards provided by law. The maintenance of a record of investigation is a vital part of the duty of the investigating officer. Developments in a case which may take place thereafter can be rebutted by these records of investigation. The statements recorded therein can be used for purposes of contradiction. The public can have no access to it. The investigating officer can be subjected to cross-examination in the course of trial of the case. Will the members of the contemplated non-official tribunal be prepared to act as investigating officers? If so, they have to be invested with the powers of a Police officer. There cannot be a new Code of Law for the alleged incidents at Azicode or for the matter of that any other incident. The law has vouchsafed to the citizen, a proper remedy to secure justice if he feels aggrieved by the police investigation and if he thinks that the action by the police has not been in consonance with justice. I do not wish to say much upon this question as I am afraid that if I enter into details it may prejudice the pending trials. I need only stress that a committee will not serve any useful purpose and that it will only be an empty farce. The whole question was considered very carefully by Government and if they have not acceded to the request of a non-official enquiry, it is only due to the fact that the interests of people as a whole have to be protected by sticking on to the duly constituted Courts of Law for redress of grievances. I, therefore, think that the refusal to appoint a non-official committee was not at all due to the absence of full responsible Government in Cochin.

Mr. P. K. Dewer *(Nominated):* This resolution is upon the transfer of departments.

Mr. M. Sivarama Menon *(Advocate-General):* Yes. If the discussion was confined solely to the subject matter of the resolution, there would have been no mention of the failure on the part of Government to appoint a non-official committee to enquire into the alleged Azicode incidents in preference to the appointment of a special Magistrate.

Mr. P. K. Paul *(Chalakkudi):* Mr. President, Sir, I support this resolution on the simple ground that a fraction of a thing, however big it may be, is less than the whole. It is to be stated that half a loaf is better than none ; but of course the full one is always the better and so we want full responsible Government. Now there is a reserved half or part, it may be something less than half because the major part of the departments are transferred and only a small part is left behind ; that too must vanish as early as possible. So we want full responsible Government immediately. I may just give an illustration here. In 1118, full dearness allowance to aided teachers was passed by the whole Council. Then the Finance Member very stoutly opposed the resolution and came forward with the common plea—paucity of funds. But afterwards with the change of Government, even a bigger amount was sanctioned but still though full dearness allowance was sanctioned by the Hon'ble Minister for Food and Education, there was no allotment and it was required to wait for some time more, because Finance was not with the Hon'ble Minister. So there was an anxious suspense on the part of the teachers for long to know whether full dearness allowance will be sanctioned, though in fact it was already sanctioned by the Education Minister. So tomorrow comes another supplementary grant for the above purpose. This delay was, I believe, due to the fact that the Finance was not with the popular Ministry. Anyhow it is always desirable to have full responsible Government with the popular representatives of the people, for, dual Government has been a failure everywhere.

Mr. K. Balakrishna Menon *(Cheruthuruthi):* I am just on my legs only to make a reference to what my friend Mr. Dewer was observing on the attitude taken in regard to the Azhicode incident. It is not to say anything on the merits. My friend Mr. Dewer was saying that there was only a demand for a non-official enquiry as would be evidenced by the petition. Now, Sir, it does not matter as to whether it was through the medium of a petition or by a motion made here on the floor of the House that a request was made for conducting an enquiry. There was a demand of the House and that demand was for a non-official enquiry committee. As would be seen from Vol. 2 Part 6 at page 374 of the Council Proceedings. This is the last word of the mover of the cut motion who says, Sir.

"ഗവൺമെണ്ടുദ്യോഗത്തുനിന്നു" ഈ കട്ട്മോഷനെ സംബന്ധിച്ചു പറഞ്ഞ മറുപടി ഒരുതരത്തിലും തൃപ്തികരമല്ല. കുറെ ഒച്ചപ്പാടുണ്ടാക്കിയതുകൊണ്ടു് ഗവൺമെണ്ടു് ഒരന്വേഷണസ്ഥാനമിറിനിയെ നിയമിച്ചു അന്വേഷിക്കുവാൻ തയ്യാറില്ലെന്നും, ഗവൺമെണ്ടു സാധാരണ പതിവിനെതിരായി ഡിസ്ട്രിക്ടു മജിസ്ട്രേട്ടിനെക്കൊണ്ടാണു് അന്വേഷിപ്പിച്ചതെന്നും പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഈ കട്ട്മോഷനിൽ ആവശ്യപ്പെട്ടസംവിധാനത്തിനുള്ള ഉദ്യോഗസ്ഥക്കമ്മിറ്റിയെ വെച്ചു അന്വേഷിപ്പിക്കുവാൻ ഭാവമില്ലെന്നു സൂചിപ്പിച്ചിട്ടുള്ളതു് ഈ സഭയ്ക്കുതന്നെ മനസ്സിലാക്കിക്കൊടുക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ ഞാൻ ഈ കട്ട് മോഷൻ ഇവിടെ പ്രസ്സു ചെയ്യുകൊള്ളുന്നു."

It was only by making a reference to this my friend Mr. Sebastian said that, "why should my friend Mr. Dewer think that it was only in reference to the petition". That is not the subject matter of the present resolution. I should say that it may not be safe for the country to have committees constituted in season and out of season.

Mr. B. V. K. Menon *(Secretary to Government):* I feel it rather unfortunate that on account of the length unexpectedly taken in the discussion of this resolution, I have to reply to this. I feel that it would have much better done by my Hon'ble friend Mr. Raphael; but in his absence I have to do it. But with due respect I beg to submit that I could not follow any argument except that of sentiments of the dire necessity for transferring those two important subjects which mainly form the subjects which have not yet been transferred to the popular Ministers. One or two instances were attempted to be trotted out as the unfortunate effects of this non-transference and one has already been dealt with much more forcibly than I could ever have done it by the Law Member. Another instance on which I suppose my friend Mr. Jacob very seriously desisted from giving details about, I do not propose to reply for the very reason that he did not give the details. Now, Sir, it has been said here that there is absolutely no harm done by the non-transference of finance and law and order, for, no scheme that has been adumberated by the Ministers has not been taken up by them because of the fact that the Diwan who is in charge of finance could not allow and did not allow them the necessary funds. It has also been conceded that as a matter of fact with the introduction of the cabinet system of Government, matters which are not directly under the charge and control of the Ministers can be debated upon in the cabinet meetings and their effective and powerful voice given due consideration in such matters. Now, Sir, is there any doubt at all whether these reserved subjects also would not be transferred to the Ministers at any time. His Highness in his gracious Message has already announced that it is His Highness' intention to grant full responsible Government; that His Highness is watching to see how the cabinet system of Government works and what co-operation will be forthcoming from the representatives of this House in the matter of administration and it is only this watching that is necessary for sometime to grant full responsible government. Even at this moment a committee consisting of very responsible members of this House is sitting to decide what further steps have to be taken and how they have to be taken; and I am sure that as soon as their report is received and considered by the Government and His Highness the Maharaja, necessary orders will be forthcoming. What I feel is that no case has been made out at the present moment for the dire necessity of transference of these two subjects immediately to the charge of the Ministers and as such I humbly beg to submit that it will not be fair in the face of the announcements made by the Government ever so often that the ultimate obje t of Government is the grant of full responsible Government and in view of the ac ion already taken in earnest of that announcement I submit that this resolution need not be pressed as there is no purpose involved in it because in the principle underlying the resolution there is no difference of opinion at all.

റാവു സാഹിബ് കെ. അയ്യപ്പൻ: ഇക്കാര്യത്തിൽ മന്ത്രിമാരുടെ നില ഒന്നുവിശദീകരിക്കേണ്ടതുണ്ട്. അഡൈവസറിക്കമ്മിറ്റിയെ എടുപ്പിട്ടത്തിട്ടുണ്ടെങ്കിലും, മഹാരാജാവു തിരുമനസ്സിലെ ആദ്യത്തെ ക്രമപ്രാപ്തം നിലവിലിരിക്കുന്നുണ്ടെങ്കിലും അതിനു ടയിൽതന്നെ ചിലതൊക്കെ വിട്ടതരാൻ സാധിക്കുന്നതാണ്. എന്തെന്നാൽ, അഡൈവസറിക്കമ്മിറ്റിയെ എടുപ്പിട്ടതിനുശേഷവും കൂടുതൽ വകുപ്പുകൾ മഹാരാജാവു തിരുമനസ്സിൽനിന്നു വിട്ടുതരികയുണ്ടായി. അതുകൊണ്ട് ഈ പ്രമേയത്തിൽ പറയുന്ന സംഗതികൾ നടപ്പിൽവരുത്തുവാൻ പ്രയാസമൊന്നും ഇല്ല എന്നാണ് മന്ത്രിമാരായ ഞങ്ങളുടെ വിശ്വാസം. ഞാൻ മുമ്പു പറഞ്ഞതുപോലെ, അനുഭവംകൊണ്ടു പറയുന്നതാണ്. ആ അനുഭവം അസ്ഥാനത്തിലാകയില്ലെന്നുള്ള വിശ്വാസത്തോടുകൂടി അതേറെറടുത്തിട്ടുള്ള മന്ത്രിമാരാണ് ഇവിടെയിരിക്കുന്നതു്.

ഇതുയും സംഗതികൾ സിക്രട്ടറിയുടെ പ്രസംഗം കേട്ടപ്പോൾ പറഞ്ഞുപോയതാണ്. സിക്രട്ടറിയുടെ പഴയ രീതിവെച്ചു പറഞ്ഞതാണ്.

ഈ നിശ്ചയം വോട്ടിനിട്ടാലും ഇല്ലെങ്കിലും മഹാരാജാവു തിരുമനസ്സിൽനിന്നു താമസിയാതെ പോലിസുവകുപ്പും മറവും നമ്മുടെകൈ വിട്ടുതരുമെന്നു വിശ്വസിക്കാം. അഥ

LIBRARY ARCHIVES Kerala Legislative Assembly

വാ, ഉടനെ വിട്ടുകിട്ടിയില്ലെങ്കിൽതന്നെ, അഡ്വൈസറിക്കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞാൽ താമസിയാതെ വിട്ടുതരാതെയിരിക്കയുമില്ല.

Mr. M. K. Raja *(Mulakunnathukavu)*: On a point of information, Sir, may I know whether the terms of reference to this Constitutional Advisory Committee include this question also—*i.e.*, transfer of the remaining departments.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: റസ്പോൺസിബിൾ ഗവൺമെണ്ടിനുള്ള കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കലാണ് കമ്മിറ്റിയുടെ ജോലി.

മിസ്റ്റർ എം. കെ. രാജാ: കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കലല്ല റക്കമെൻഡ്ചെയ്യലാണ കമ്മിറ്റിയുടെ ജോലി.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഇപ്പോൾ സ്വീകരിക്കാതിരിക്കയില്ല എന്നു വിശ്വാസംകൊണ്ടാണ് കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കലെന്നു പറഞ്ഞതു്.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം കേട്ടതിൽ വളരെ സന്തോഷമുണ്ടു്. അപ്പോഴും ബഹുമാനപ്പെട്ട മന്ത്രിമാരും മറെറല്ലാമെമ്പർമാരും അടുത്തുതന്നെ പരിപൂർണ്ണ ഉത്തരവാദിത്വഭരണം വേണമെന്നുള്ള അഭിപ്രായക്കാരാണു്. അതുകൊണ്ടു ഞാൻ ഈ പ്രമേയം പ്രസ്സുചെയ്യുന്നു.

Resolution put and carried

8. Need for allotting a fixed percentage of appointments to Depressed Classes

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: മിസ്റ്റർ പ്രസിഡണ്ടു്, സർ, "ഉദ്യോഗലബ്ധിയിൽ പുലയരൊഴിച്ചുള്ള അധഃകൃതർ ഇന്നു അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ പരിഹരിക്കുവാൻ സ്റ്റാഫ് സെലക്ഷൻ ബോർഡിൽ Other Hindu (Backward or Depressed) എന്ന വിഭാഗത്തിൽനിന്നും അധഃകൃതരെ വേർതിരിച്ചു് അവക്കു ഒരു പ്രത്യേകശതമാനം ഉദ്യോഗം അനുവദിക്കണമെന്നു് ഈ സഭ ഗവൺമെണ്ടിനോടു ശുപാർശചെയ്യുന്നു."

സർ, ഉദ്യോഗവിതരണത്തിൽ എല്ലാസമുദായക്കാർക്കും നീതിലഭിക്കാനാണു് സ്റ്റാഫ് സെലക്ഷൻ ബോർഡുതന്നെ ഏർപ്പെടുത്തീട്ടുള്ളതു്. എന്നാൽ പുലയരൊഴിച്ചുള്ള അധഃകൃതരെ സംബന്ധിച്ചിടത്തോളം വേണ്ടിടത്തോളം നീതി ലഭിക്കുന്നില്ലെന്നു പറയേണ്ടിവന്നതിൽ വളരെ വ്യസനമുണ്ടു്. മഹാരാജാവു തിരുമനസ്സിൽനിന്നു കല്പിച്ചനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സമ്പാദിച്ചു ഇവിടത്തെ അധഃസ്ഥിതവർഗ്ഗക്കാർ പഠിച്ചു മുന്നോട്ടുവരാൻ തുടങ്ങിയിരിക്കുന്ന അവസരമാണിതു്. പക്ഷെ, വേണ്ടിടത്തോളം ആളുകൾ, ഈ ആനുകൂല്യം ഉള്ളതു് അറിയാഞ്ഞിട്ടോ എന്തോ പഠിച്ചു മുന്നോട്ടുവന്നിട്ടില്ല. പരീക്ഷായോഗ്യത സമ്പാദിക്കുന്നവർക്കു് അപ്പോഴപ്പോൾ ഉദ്യോഗം കിട്ടിയാൽ പഠിക്കുന്ന ആളുകൾക്കു് അതു പ്രോത്സാഹജനകമായിരിക്കുമെന്നതിൽ സംശയമില്ല. എന്നാൽ പരീക്ഷായോഗ്യതയുള്ളവർക്കു് അലഞ്ഞുനടക്കേണ്ടതായ ഒരു സ്ഥിതിയാണു് ഇന്നുള്ളതെങ്കിൽ പഠിക്കുന്നവർ നിരുത്സാഹരാകുമെന്നു കാര്യത്തിൽ സംശയവുമില്ല.

ഏതാണ്ടു് 88 സമുദായക്കാരുള്ള അധഃകൃതരേയും പിന്നോക്കം നില്ക്കുന്നവരേയും ഒന്നിച്ചു ചേർത്തിട്ടുള്ള ആ വിഭാഗത്തിലാണു് പുലയരൊഴിച്ചുള്ള അധഃകൃതർ പെടുന്നതു്. അതിൽ ഏതാണ്ടു മുപ്പതോളം സമുദായക്കാർ പിന്നോക്കം നില്ക്കുന്നവരും ബാക്കിയുള്ളവരൊക്കെ അധഃകൃതരുമാണു്. ഈ പിന്നോക്കസമുദായക്കാർ വിദ്യാഭ്യാസത്തിലെന്നല്ല മറെറല്ലാപ്രകാരത്തിലും അധഃകൃതരേക്കാൾ വളരെ മുന്നണിയിൽ നില്ക്കുന്നവരാണു്. അവരും അധഃകൃതരും മനഃപൂർവ്വമുള്ള ഈ ഒരു സമുദായക്കാർക്കുകൂടി ആകെ അനുവദിച്ചിട്ടുള്ളതു് ഫർ ശതമാനം ഉദ്യോഗങ്ങൾ മാത്രമാണു്. ഈ ഫർ ശതമാനം ഉദ്യോഗങ്ങളിൽ എതാനും കാലങ്ങളായി പരസ്യംചെയ്യാറുള്ള ഗവൺമെണ്ടു ഗസറ്റു നോക്കിയാൽ കാണാം അതിൽ അധികവും പിന്നോക്കസമുദായക്കാർക്കാണു പോകുന്നതെന്നു്. അതെന്തുകൊണ്ടാണെന്നു പറയുവാൻ നിവൃത്തിയില്ലെങ്കിലും ഞാൻ പറയുന്നതു് എത്രമാത്രം ശരിയാണെന്നു മനസ്സിലാക്കാൻ സാധിക്കും. കഴിഞ്ഞ ആറുമാസക്കാലമായി ഗവൺമെണ്ടു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഉദ്യോഗങ്ങൾ വിശകലനംചെയ്തു നോക്കിയതിൽ—എന്റെ കണക്കു് അത്രമാത്രം ശരിയാകണമെന്നില്ലെങ്കിലും—എനിക്കു മനസ്സിലായിട്ടുള്ളിടത്തോളം ഓരോ സമുദായത്തിനും എത്ര ഉദ്യോഗം കിട്ടി എന്ന കണക്കു് ഈ സഭമുമ്പാകെ വെക്കുന്നു. ൻ ഡ വ ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly